# ഡൺസ്റ്റനച്ചന് നൂറാം പിറന്നാളാശംസകൾ



പ്രിയ ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചാ,

ആദ്യമായി 100-ാം പിറന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. അങ്ങ് ഞങ്ങളിൽനിന്നു വേർപിരിഞ്ഞിട്ട് 14 വർഷങ്ങളായി. മറഞ്ഞിട്ടും വിശുദ്ധ സാന്നിദ്ധ്യമായി അങ്ങ് ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്നു. ആ ഓർമ്മകൾ ഞങ്ങൾക്ക് ആശ്വാസവും ആനന്ദവും പകരുന്നവയാണ്.

ഞങ്ങൾ മുന്നേറുന്ന വഴികളിൽ തിരുത്തലുകൾക്കുള്ള ഓർമ്മപ്പെടുത്തലായി, നവീകരണ പ്രേരകമായ പുളിമാവായി അങ്ങിപ്പോഴും പ്രവർത്തനനിരതനാണ്. സന്ന്യാസപരിശീലന രംഗത്തെ ദിവ്യജ്ഞാനിയായി അങ്ങയെ അംഗീകരിക്കുന്നവരോടൊപ്പം പ്രതിസന്ധികളുടെ വഴികളിൽ ആശ്വാസമായി, പ്രത്യാശയായി അങ്ങ് സഞ്ചരിക്കുന്നുണ്ട്. അങ്ങയുടെ ജീവിതം വായിക്കുന്നവർ പലരും ചെറുപുഷ്പത്തിന്റെ നവമാലികയുടെ നറുമണം അതിൽ ആസ്വദിക്കുന്നു. മറ്റുചിലർ കുരിശിന്റെ വി. യോഹന്നാന്റെ ആദ്ധ്യാത്മകതയുമായി ആ ചൈതന്യത്തിനു സമാനത തേടുന്നു. ഏറെനാൾ അങ്ങയോടൊപ്പം നടന്നവർ, അങ്ങ് കറതീർന്ന ആത്മീയനെന്ന് അംഗീകരിച്ചവർ അത്ഭുതത്തിൽ ആണ്ടുപോകുന്നു. “ഇത്രയേറെ ആഴമുണ്ടെന്നറിഞ്ഞില്ല. ഒപ്പം നടന്നപ്പോൾ വേണ്ടതുപോലെ അറിയാതെപോയി.” അങ്ങയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെ ക്കുന്നതുതന്നെ ദൈവികാനുഭവമാണെന്നും ആ ഉയിരുള്ള ഓർമ്മകളിൽ മുഴുകുമ്പോൾ ഗുരുവ രൻ ഒപ്പം നില്ക്കുന്നതുപോലെ, കൂടെ നടക്കുന്നതുപോലെയുള്ള അനുഭവമാണെന്നും ചിലരു ടെ സാക്ഷ്യം.

ഈ പിറന്നാളിൽ അങ്ങയുടെ ഈ സ്നേഹസാന്നിദ്ധ്യസ്മരണ അങ്ങ് ഞങ്ങൾക്കു നല്കിയിട്ട് കടന്നുപോയ ആത്മീയബോദ്ധ്യങ്ങളിലേക്കു വീണ്ടും ഞങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നു. ആണ്ടുകൾ നീണ്ട അന്വേഷണത്തിന്റെ അന്ത്യത്തിൽ അങ്ങ് പ്രഖ്യാപിച്ചു, “എന്റെ പുണ്യജീവിതം മുഴുവൻ സത്യത്തോടുള്ള സ്നേഹമാണ്.”

അങ്ങ് വിശ്വസിക്കുകയും ജീവിക്കുകയും ചെയ്ത സത്യത്തിന്റെ സ്നേഹശാസ്ത്രമെന്തെന്നു ചുരുക്കമായി വിവരിക്കുന്നുണ്ട്: “സത്യമായിട്ട് ഒന്നു മാത്രമേയുള്ളു. അതു ദൈവമാണ്. ദൈവം സകലത്തിന്റെയും നാഥനാണ്. എല്ലാവരും അവിടുത്തെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നു. ഈ സത്യത്തിന്റെ പ്രായോഗികനിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു... സകല പാപവും അസത്യമാണ്... സത്യത്തെ സ്നേഹിക്കുന്നവർ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു.

എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചിലർ പറയുന്നു. മറ്റുചിലർ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമെന്നു പ്രസ്താവിക്കുന്നു. അങ്ങനെയെങ്കിൽ എളിമയും വിശ്വാസവും ഒന്നുതന്നെയാണൊ? അതെ, രണ്ടും എളിമയും വിശ്വാസവും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിലാണ്. സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ്ടാവ് എന്നുപറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്ന് സമ്മതിക്കുന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികവുമായ സകലവും അതിലുണ്ട്."

സ്നേഹമുള്ള ഡൺസ്റ്റനച്ചാ, അങ്ങ് സത്യത്തെ സ്നേഹിച്ചു. അതിനെ സർവ്വസ്വവുമായിക്കരുതി. സത്യമല്ലാത്ത എല്ലാത്തിൽനിന്നും മനസ്സിനെ മോചിപ്പിച്ചു. പ്രാർത്ഥനയും പരിത്യാഗവും വഴി തന്നെത്തന്നെ ശുദ്ധീകരിച്ചു. ദൈവികസുകൃതങ്ങൾ നിരന്തരമായി അഭ്യസിച്ചു. നിത്യസത്യമായ ദൈവവുമായുള്ള ഐക്യത്തിനും സായൂജ്യത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു. സത്യമെന്നത് അങ്ങേക്ക് അമൂർത്തമായ ഒരാശയമല്ല. ഒരു വ്യക്തിയാണ്. അങ്ങത് മനസ്സിലാക്കി. ആ പരമസത്യത്തെയാണ് അങ്ങ് പുല്കിയത്.

എഡിത്ത് സ്റ്റെയിൻ എന്നറിയപ്പെടുന്ന കുരിശിന്റെ വി. തെരേസ ബെനഡിക്റ്റ് പറയുന്നു: "Whoever seeks the truth is seeking God, whether consciously or unconsciously." "സത്യത്തെ തേടുന്നവർ അറിഞ്ഞോ അറിയാതെയോ ദൈവത്തെ തേടുന്നു." അങ്ങ് സത്യത്തെ സ്നേഹിച്ചു. ദൈവത്തിലേക്കുള്ള വഴിയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ സത്യത്തെ നിരന്തരം അന്വേഷിച്ചു. നിത്യസത്യമായ ദൈവത്തെ കണ്ടെത്തി. ആ സത്യത്തിൽ വിലയംകൊണ്ടു.

അനുദിനജീവിത സാഹചര്യങ്ങളിൽ വാക്കിലും പ്രവൃത്തിയിലും സത്യസ്നേഹത്തിന് അങ്ങ് സാക്ഷ്യം നല്കി. വാക്ചാതുരിയില്ലാതെ, വളച്ചുകെട്ടുകളില്ലാതെ, മനസ്സാ, വാചാ, കർമ്മണാ സത്യത്തിന്റെ ഋജുവായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു. അസത്യത്തിനെതിരെ ശബ്ദമുയർത്തി. സമൂഹത്തിൽ ഭൂരിപക്ഷത്തിന്റെ സ്വരം സത്യമായി അംഗീകരിക്കണമെന്ന മിഥ്യാധാരണകൾക്കതീതമായി നിലകൊണ്ടു. പലപ്പോഴും ഒറ്റയാളായി സത്യത്തിനു സാക്ഷ്യംവഹിച്ചു. സത്യസ്നേഹം അങ്ങയെ അതിന്റെ പ്രവാചകനാക്കി. മനഃസാക്ഷിയെ സത്യത്തിന്റെ പ്രതിരൂപമായി കണ്ട അങ്ങേക്കു മനസ്സാക്ഷിയെപ്രതി സഹിച്ചവയെല്ലാം മറക്കാനാവാത്ത, ആത്മാവിനെ സ്പർശിക്കുന്ന സഹനമായി മാറി.

എല്ലാറ്റിനും ഉപരിയായി, സത്യത്തിനുവേണ്ടി സഹിച്ചപ്പോഴും അങ്ങ് സ്നേഹം കൈവെടിയുന്നില്ല. സ്വന്തം സമൂഹത്തിൽ സത്യത്തിന്റെ വഴിയിൽനിന്നു മാറിനടന്നവരെയെല്ലാം ഹൃദയംകൊണ്ട് ആശ്ലേഷിച്ചു. എല്ലാവരെയും ഉള്ളഴിഞ്ഞു സ്നേഹിച്ചു. സത്യവും സ്നേഹവും വഴിപിരിയാതെ അങ്ങയുടെ ജീവിതവഴിയിൽ ഒരുമിച്ചൊഴുകി. സത്യം നിറഞ്ഞ സ്നേഹവും സ്നേഹം നിറഞ്ഞ സത്യവും അങ്ങയുടെ ജീവിതചര്യയായി.

വീണ്ടും വി. എഡിത്ത് സ്റ്റെയിൻ പറയുന്നു: "Do not accept anything as the truth if it lacks love. And do accept anything as love which lacks truth! One without the other becomes a destructive lie.'' "സ്നേഹമില്ലാത്ത ഒന്നിനെയും സത്യമായി അംഗീകരിക്കരുത്. സത്യമില്ലാത്ത ഏതൊന്നിനെയും സ്നേഹമായി സ്വീകരിക്കരുത്. ഒന്ന് മറ്റൊന്നിന്റെ അഭാവത്തിൽ വിനാശകരമായ നുണയായി മാറുന്നു." സത്യത്തെയും സ്നേഹത്തെയും വേർതിരിക്കാനാവില്ല. അവയ്ക്കു പരസ്പരം അവഗണിക്കാനാവില്ല. അവ തമ്മിൽ അന്തർലീനമായ ബന്ധമുണ്ട്. കാരണം ദൈവം സത്യവും സ്നേഹവുമാണ്. ഡൺസ്റ്റനച്ചാ, അങ്ങു തേടിയത് സത്യവും സ്നേഹവുമായ ഈ ദൈവത്തെത്തന്നെയാണ്.

തിരുസ്സഭയിൽ നാമകരണം ചെയ്യപ്പെട്ട മഹാവിശുദ്ധർ സ്വന്തമായ മുദ്രാവാക്യങ്ങളോടെയാണ് മുന്നേറിയത്. "സഹിക്കുക, അല്ലെങ്കിൽ മരിക്കുക", "മരിക്കാതെ സഹിക്കുക", "മരിച്ചാലും മറക്കില്ലാട്ടോ", "പാപത്തെക്കാൾ മരണം", "ദൈവേഷ്ടം നടക്കും, നടത്തും", "ദൈവേഷ്ടം... അതു മാത്രം... അതു മുഴുവൻ" ഇങ്ങനെ അവരെല്ലാം സ്വന്തം ആത്മീയബോദ്ധ്യങ്ങളെ കാച്ചിക്കുറുക്കി ഗുളികപാകത്തിൽ ലോകത്തിനു നല്കി. അങ്ങയുടെ വാക്കും ജീവിതവും ഞങ്ങൾക്കു നല്കുന്ന മുദ്രാവാക്യമെന്താണ്? "സത്യസ്നേഹമാർഗത്തിലൂടെ നിത്യസത്യസ്നേഹത്തിലേക്ക്" അല്ലെങ്കിൽ "സത്യസ്നേഹമാർഗം നിത്യസത്യലക്ഷ്യം" എന്ന് അങ്ങയുടെ ചൈതന്യത്തെ ആറ്റിക്കുറുക്കിയാൽ അംഗീകരിക്കുമോ? ഈ നൂറാം പിറന്നാൾ ആഘോഷിക്കുമ്പോൾ ഞങ്ങൾക്കായി ഒരുക്കപ്പെട്ട സ്നേഹസമ്മാനമായി ഇതിനെ സ്വീകരിക്കുന്നു. "സത്യസ്നേഹമാർഗം നിത്യസത്യലക്ഷ്യം!"

പാവറട്ടി കൊവേന്തയുടെ വലിയ ദേവാലയത്തിലെ ചെറിയ അൾത്താരകളിലൊന്നിൽ തന്റെ രൂപം സ്ഥാപിക്കപ്പെടുന്നതായും പാവറട്ടി എന്ന നാടിന്റെ നില താൻമൂലം ഉയരുന്നതായും 14 വയസ്സുള്ള ബാലനായ ഇട്ടൂപ്പുണ്ണി കനവു കണ്ടു. ഇട്ടൂപ്പുണ്ണി ആശിച്ചതുപോലെ പാവറട്ടിയിലെ ചെറിയ അൾത്താരയിൽ അങ്ങ് വാഴ്ത്തപ്പെടുന്നവനായിത്തീരട്ടെ. ആശിച്ചതിനുമപ്പുറം അനേകം വലിയ അൾത്താരകളിൽ അങ്ങയുടെ സ്വരൂപം വാഴ്ത്തപ്പെടട്ടെ. പിറന്ന നാടിന്റെ കീർത്തി അങ്ങുമൂലം ഉയരട്ടെ. അങ്ങ് ചരിച്ച വഴികളെല്ലാം പുണ്യകീർത്തിയാൽ അനുഗൃഹീതമാകട്ടെ. പിറന്നാൾ മാത്രമല്ല അങ്ങയുടെ തിരുനാളുകളും കൊണ്ടാടപ്പെടട്ടെ.

വലിയ മറവിക്കാരനെങ്കിലും അങ്ങേക്കു അയച്ച കത്തുകൾക്കെല്ലാം മറുപടി ലഭിച്ചതായി അനുഭവം. നൂറാം പിറന്നാളിലെ ഈ മംഗളപത്രത്തിനും മറുപടി പ്രതീക്ഷിക്കുന്നു.

എന്ന്
സ്വന്തം ആത്മീയമക്കൾ

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.